**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1105** **12-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയ്ക്കും ഭൂതക്കുളം ഗ്രാമപഞ്ചായത്തിനും കുടിവെള്ളം ലഭ്യമാക്കുന്നതിനായുള്ള പരവൂർ-ഭൂതക്കുളം കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | ചാത്തന്നൂർ നിയോജകമണ്ഡല പരിധിയിൽ ദാഹനീർ- ചാത്തന്നൂർ എന്ന കിഫ്ബി പദ്ധതിയിലെ മിച്ച തുകയായ 28.46 കോടി രൂപയ്ക്ക് ചാത്തന്നൂർ എംഎൽഎയുടെ നിർദ്ദേശ പ്രകാരം ആവിഷ്കരിച്ച പദ്ധതിയാണ് പരവൂർ ഭൂതക്കുളം കുടിവെള്ള പദ്ധതി. പരവൂർ മുനിസിപ്പാലിറ്റിയിലും ഭൂതക്കുളം ഗ്രാമ പഞ്ചായത്തിലും നിലവിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അധിക ജല ഉൽപാദനമാണ് ഇതിലൂടെ ലക്ഷ്യമാക്കിയിരിക്കുന്നത്. ഇതിനായി ഇത്തിക്കര ആറിൽ ദേശീയപാത 66 ന് സമീപം തടയണ നിർമ്മിച്ച് പുതിയ കിണറും പമ്പിങ് സംവിധാനവും 15.6 ദശലക്ഷം പ്രതിദിന ഉല്പാദനശേഷിയുള്ള ജലശുദ്ധികരണശാലയും നിർമ്മിക്കപ്പെടും വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പദ്ധതിക്കായി കണ്ടെത്തിയ സ്ഥലങ്ങൾ അനുയോജ്യം അല്ലായെന്ന് സാങ്കേതിക പഠനം നടത്തിയതിൽനിന്നു ബോധ്യമായതിനാൽ പുതിയ സ്ഥലം കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | കല്ലുവാതുക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തിയാണ് കല്ലുവാതുക്കൽ കുടിവെള്ള പദ്ധതി. ഇതിനായി 2700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. താഴെ പറയുന്ന 5 പ്രവൃത്തികളാണ് പദ്ധതിയിൽ ക്രമീകരിച്ചിരിക്കുന്നത്.<br><br>1. 7.5 ദശലക്ഷം ലിറ്റർ പ്രതിദിന ഉല്പാദന ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം<br>2. അട്ടതലയിലുള്ള പമ്പ് ഹൗസും, കിണറും നിർമ്മാണം |

| | | | |
|---|---|---|---|
| | | | 3. അട്ടതലയിൽ നിലവിലുള്ള തടയണയുടെ ശാക്തീകരണം<br>4. ഇത്തിക്കര ആറിന് കുറുകെ മണ്ണയത്ത് പുതിയ തടയണയുടെ നിർമ്മാണം<br>5. വെളിനല്ലൂർ ഗ്രാമപഞ്ചായത്തിൽ ആറ്റൂർ കോണത്ത് നിലവിൽ ഉണ്ടായിരുന്ന 1.5 ദശലക്ഷം ലിറ്റർ ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണം<br><br>ഇതിൽ മണ്ണയം തടയണയുടെ പ്രവൃത്തിയൊഴിച്ച് മറ്റു പ്രവൃത്തികളെല്ലാം പൂർണ്ണമായും പൂർത്തീകരിച്ച് ജലശുദ്ധീകരണ ശാലയിൽ നിന്നും ശുദ്ധജല ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. 40% പ്രവൃത്തികൾ പൂർത്തീകരിച്ച മണ്ണയം തടയണയുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൂർത്തീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി 2025 മാർച്ച് 31 ഓടു കൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ